ഉത്തരം

(എ) ഇറവൂർ-കുമ്പളങ്ങി-എരമല്ലൂർ-എഴുപുന്ന റോഡിന്റെ അറ്റകുറ്റപ്പണികളുടെ 8,80,000 രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ പക്കൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധനയ്ക്ക് ശേഷം സർക്കാരിൽ ലഭിച്ചിട്ടില്ല. ഇതിന്മേൽ ചീഫ് ടെക്നിക്കൽ എക്സാമിനർ പരിശോധന നടത്തിയിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

റോഡുകൾ ബി.എം & ബി.സി. ചെയ്യുന്നതിനുള്ള പദ്ധതി

326 (1411) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര റോഡുകൾ ബി.എം. & ബി.സി. ചെയ്യുവെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ ജില്ലയിലും എത്ര കിലോമീറ്റർ റോഡുകളാണ് ഇത്തരത്തിൽ പൂർത്തീകരിച്ചതെന്നും ഇതിനായി എത്ര തുക വീതം വകയിരുത്തിയെന്നും വിശദമാക്കുമോ;

(സി) നടപ്പ് സാമ്പത്തിക വർഷത്തിൽ എത്ര കിലോമീറ്റർ റോഡുകൾ ബി.എം.&ബി.സി. ചെയ്യുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും ആയതിൽ ഭരണാനുമതി നൽകിയവ എത്രയെന്നും വിശദമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ടി.പി. പദ്ധതിയിൽപ്പെടുത്തി രണ്ട് റോഡുകൾ ബി.എം., ബി.സി. ചെയ്യുകയും 13 റോഡുകൾ ബി.സി. ചെയ്യും പൂർത്തിയാക്കിയിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിൻകീഴിൽ കേന്ദ്ര സർക്കാർ ഫണ്ട്, സംസ്ഥാന സർക്കാർ ഫണ്ട് എന്നിവ ഉപയോഗിച്ച് 1643.85 കി.മീ. ദൂരം ബി.എം./ബി.സി. വർക്ക് ചെയ്തിട്ടുണ്ട്.

(ബി) കെ.എസ്.ടി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, ഇടുക്കി, എറണാകുളം, കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലായി 1-2. 335 കി.മീ. റോഡുകൾ ബി.സി. ചെയ്യും

LIBRARY ARCHIVES Kerala Legislative Assembly

53.50 കി.മീ ബി.എം. ബി.സി. ചെയ്യും പൂർത്തിയാക്കിയിട്ടുണ്ട്. ഇതിനായി 161 കോടി രൂപ ചെലവായി. ദേശീയപാതാ വിഭാഗവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അനുബന്ധം- ആയി ചേർത്തിരിക്കുന്നു. നിരത്തുവിഭാഗവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(സി) റോക്കോങ് ധനസഹായത്തോടെ നടപ്പിലാക്കി വരുന്ന കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽപ്പെടുത്തി 6 റോഡുകൾ 9 പാക്കേജുകളായി നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ഇതിൽ കാസർഗോഡ്-കാഞ്ഞങ്ങാട്, പിലാത്തറ-പാപ്പിനിശ്ശേരി, തളിപ്പറമ്പ-വളപട്ടണം, പെരുമ്പാമ്പ-മൂവാറ്റുപുഴ, പൊൻകുന്നം-തൊടുപുഴ, പെരിന്തൽമണ്ണ എന്നീ റോഡുകളും ഡി.ബി.എം.-ഉം ബി.സി.-യും ജോലികൾ നടന്നുവരുന്നു. ദേശീയപാതാ വിഭാഗവുമായി ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധം-II* ആയി ചേർത്തിരിക്കുന്നു. നിരത്തു വിഭാഗവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

ദേശീയപാത നാല് വരി ആക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ

327 (1412) ഡോ. ടി. എം. തോമസ് ഐസക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത നാല് വരി ആക്കുന്നതിന് ഭൂമി ഏറ്റെടുത്ത് നല്കുന്ന നടപടികൾ ഏകോപിപ്പിക്കുന്നതിന് ഉന്നത അധികാര സമിതിക്ക് രൂപം നല്കുകയുണ്ടായോ; സമിതി എത്ര തവണ യോഗം ചേരുകയുണ്ടായി; ദേശീയപാതകളുടെ രൂപകല്പനയുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ സമിതി എന്തൊക്കെ തീരുമാനങ്ങൾ എടുക്കുകയുണ്ടായിട്ടുണ്ട്;

(ബി) കേന്ദ്ര ഗവൺമെന്റിന്റെ പുതുക്കിയ നഷ്ടപരിഹാര വ്യവസ്ഥയനുസരിച്ച് നാളിതുവരെ എത്ര ഭൂമി ദേശീയ പാതക്കായി അക്വയർ ചെയ്തിട്ടുണ്ട്; ഏതെല്ലാം റോഡുകൾക്ക് വേണ്ടി എത്ര വീതം ഭൂമി അക്വയർ ചെയ്തിട്ടുണ്ട്; ഇതിനായി എത്ര തുക വിനിയോഗിക്കുകയുണ്ടായി; ഏതെങ്കിലും റോഡ് നിർമ്മാണം ടെണ്ടർ വിളിച്ച്, പ്രവൃത്തി ആരംഭിക്കുകയുണ്ടായോ;

(സി) നിർദ്ദിഷ്ട റോഡുകളുടെ എസ്റ്റിമേറ്റ് തുക വിശദമാക്കുമോ; എസ്റ്റിമേറ്റ് തയ്യാറാക്കിയത് ആരാണ്?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly